# STD - IV

## അദ്ധ്യാപക സഹായി

## പാഠം - രണ്ട്   ജ്ഞാനസ്നാനം   ഭാഗം - ഒന്ന്

### ലക്ഷ്യം

ജന്മപാപത്തിൽനിന്നും കർമ്മപാപമുണ്ടെങ്കിൽ അതിൽനിന്നും മോചിപ്പിച്ച് നമ്മെ ദൈവ മക്കളും സഭയുടെ അംഗങ്ങളും സ്വർഗ്ഗരാജ്യത്തിന് അവകാശികളുമാക്കുന്ന കൂദാശ യാണ് ജ്ഞാനസ്നാനം എന്ന ബോധ്യം കുട്ടികളിലുണ്ടാക്കുക. ദൈവമക്കളായി തീർന്ന ഞങ്ങൾ ദൈവത്തിന്റെ ഇഷ്ടമനുസരിച്ച് ജീവിക്കും.

### പഠനസഹായികൾ

വചനം - മത്താ. 28:19-20

വിത്ത് മുളപ്പിക്കുന്നു

### പാഠത്തിന്റെ ഉള്ളടക്കം:

* ഒരു വിത്തിന്റെ വളർച്ച
* ജ്ഞാനസ്നാനം ക്രൈസ്തവ ജീവിതത്തിന്റെ വാതിൽ
* ജ്ഞാനസ്നാനം എന്ന കൂദാശ

### പ്രാർത്ഥന

ജ്ഞാനസ്നാന സ്വീകരണം വഴി അങ്ങയുടെ മക്കളാകാൻ വരം നൽകിയ നല്ല ദൈവ മേ, യേശുവിനെപോലെ എല്ലാവർക്കും നന്മ ചെയ്തു ജീവിക്കുവാൻ വേണ്ട അനു ഗ്രഹം ഞങ്ങൾക്ക് തന്നരുളണമേ.

### ചോദ്യങ്ങൾ

1. ക്രൈസ്തവ ജീവിതത്തിന്റെ വാതിൽ എന്ന് വിളിക്കുന്ന കൂദാശ ഏത്?

2. നമുക്ക് നിത്യജീവനിലേക്ക് വളരാൻ ആവശ്യമായ പോഷകം ലഭിക്കുന്നത് എവിടെ നിന്നാണ്?

3. ജ്ഞാനസ്നാനം എന്ന വാക്കിന്റെ അർത്ഥമെന്ത്?

4. ജ്ഞാനസ്നാന സ്വീകരണം വഴി നമുക്ക് ലഭിക്കുന്നതെന്ത്?

5. പയർവിത്തുകൾ ചിരട്ടയിൽ നട്ട് അതിന്റെ വളർച്ചയ്ക്കുവേണ്ടി നമ്മൾ എന്തെല്ലാം നൽകണം?

6. ഒരു ചിരട്ടയിലെ പയർ ചെടിക്ക് വെള്ളവും വളവും നൽകാതിരുന്നാൽ എന്തു സംഭ വിക്കും?

# STD - IV

## അദ്ധ്യാപക സഹായി

## പാഠം - രണ്ട് ജ്ഞാനസ്നാനം ഭാഗം - രണ്ട്

### ലക്ഷ്യം

ജ്ഞാനസ്നാന സ്വീകരണം വഴി ഉത്ഭവപാപത്തിൽനിന്നും കർമ്മപാപത്തിൽനിന്നും നാം മോചിതരാകുന്നു. നാം ദൈവമക്കളാകുന്നു. സ്വർഗ്ഗരാജ്യത്തിന് അവകാശികളാകുന്നു. തിരുസഭയിലെ അംഗങ്ങളായിത്തീർന്ന ഞങ്ങൾ യേശുവിനെപ്പോലെ എല്ലാവർക്കും നന്മ ചെയ്ത് ജീവിക്കും.

### പഠനസഹായികൾ

* ജ്ഞാനസ്നാന സ്വീകരണ കൂദാശകർമ്മത്തിന്റെ വീഡിയോ - യൂട്യൂബ്
* ഇടവകയിൽ ലൈവ് ആയി നടക്കുന്ന ജ്ഞാനസ്നാന കൂദാശയിൽ കുട്ടികളുമൊത്ത് പങ്കെടുക്കൽ
* വചനം - യോഹ. 3:5

### പാഠത്തിന്റെ ഉള്ളടക്കം:

* ജ്ഞാനസ്നാന സ്വീകരണ ക്രമം.
* ജ്ഞാനസ്നാന മാതാപിതാക്കൾ

### പ്രാർത്ഥന

ജ്ഞാനസ്നാന സ്വീകരണം വഴി അങ്ങയുടെ മക്കളാകാൻ വരം നൽകിയ നല്ല ദൈവമേ, അങ്ങയെ ഞങ്ങൾ സ്നേഹിക്കുന്നു, സ്തുതിക്കുന്നു, ആരാധിക്കുന്നു.

### ചോദ്യങ്ങൾ

1. പുരോഹിതൻ ജ്ഞാനസ്നാന സ്വീകരണ സമയത്ത് ശിശുവിന്റെ ശിരസ്സിൽ പ്രതിഷ്ഠാതൈലം പൂശുന്നത് എന്തിന്?

2 ജ്ഞാനസ്നാന സമയത്ത് ശിശുവിന്റെമേൽ വൈദികൻ എന്തിനാണ് വെള്ളവസ്ത്രം വിരിക്കുന്നത്?

3. കത്തിച്ച മെഴുകുതിരി എന്തിന്റെ പ്രതീകമാണ്?

4. ജ്ഞാനസ്നാന സമയത്ത് എന്തുകൊണ്ടാണ് വിശുദ്ധരുടെ പേരുകൾ ഇടുന്നത്?

5. ജ്ഞാനസ്നാന മാതാപിതാക്കളുടെ കടമ എന്താണ്?